**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 799** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ചീക്കോട് കുടിവെള്ള പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ചീക്കോട് കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചീക്കോട് കുടിവെള്ള പദ്ധതിയുടെ പുരോഗതി വിവരങ്ങൾ **<u>അനുബന്ധമായി</u>** ചേർക്കുന്നു.

**(ബി)** പൂർണ്ണാർത്ഥത്തിൽ ചീക്കോട് പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കൊണ്ടോട്ടി നഗരസഭയിലേയ്ക്കും സമീപ പഞ്ചായത്തുകളായ കുഴിമണ്ണ, വാഴക്കാട്, വാഴയൂർ, ചീക്കോട്, മുതുവല്ലൂർ, പള്ളിക്കൽ, പുളിക്കൽ, ചെറുകാവ് എന്നീ സമീപ പഞ്ചായത്തുകളിലേക്കും ശുദ്ധജല വിതരണം ചെയ്യുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. നിലവിൽ 41 എം.എൽ.ഡി ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ നിന്നാണ് ശുദ്ധജലം വിതരണം ചെയ്യുന്നത്. ഇത് കൂടാതെ കിഫ്ബി പദ്ധതി പ്രകാരം 19 MLD ശുദ്ധജല പ്ലാന്റിന്റെ പ്രവൃത്തി കൂടി പൂർത്തീകരിച്ചിട്ടുള്ളതാണ്.

മേല്പറഞ്ഞ പഞ്ചായത്തുകളിൽ ജൽ ജീവൻ പദ്ധതി പ്രകാരം വിതരണ ശൃംഖലയുടെയും കണക്ഷൻ നൽകുന്ന പ്രവർത്തികളും പുരോഗമിച്ചു വരികയാണ്. 2026 ഡിസംബർ 31-ഓടു കൂടി പഞ്ചായത്തുകളിലെ ഈ പ്രവർത്തികൾ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

കൊണ്ടോട്ടി നഗരസഭയിൽ കിഫ്ബി, അമൃത് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് പ്രവർത്തികൾ നടപ്പിലാക്കി വരുന്നത്.

കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച കൊണ്ടോട്ടി നഗരസഭയിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്ന വിതരണ ശൃംഖലയുടെയും ജല സംഭരണികളുടെയും പ്രവർത്തി നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള 19 എം.എൽ.ഡി ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും ആയത് പ്രവർത്തിപ്പിക്കുന്നതിനും ഉപയോഗപ്രദ മാക്കുന്നതിനും നിലവിലെ പദ്ധതിയിലുള്ള ഇരട്ടമുഴി റോ വാട്ടർ പമ്പ് ഹൗസിലെ കണക്ടഡ് ലോഡ് എൻഹാൻസ്മെന്റ്, പരതകാട് ബൂസ്റ്റർ സ്റ്റേഷനിലെ കണക്ടഡ് ലോഡ് എൻഹാൻസ്മെന്റ് എന്നിവ ചെയ്യേണ്ടതായിട്ടുണ്ട്.

ആയതിന് ഇരട്ടമുഴി റോ വാട്ടർ പമ്പ് ഹൗസിലെ കുടിശ്ശികയായ 71,99,360/- രൂപ, പരതകാട് ബൂസ്റ്റർ സ്റ്റേഷനിലെ കുടിശ്ശികയായ 76,28,716/- രൂപ, ചീക്കോട് കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള ജല ശുദ്ധീകരണശാലയിലെ കുടിശ്ശികയായ 8,21,370/- രൂപയടക്കം മൊത്തം

1,56,49,446/- രൂപ (2026 മെയ് മാസം ആദ്യം വരെയുള്ള തുക) അടവാക്കാൻ കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. ഇത് കൂടാതെ 35,05,980/- രൂപ കൂടി സെക്യൂരിറ്റി ഡെപ്പോസിറ്റായി (പരതക്കാട് സംപ്) അടവാക്കാൻ നിലവിൽ KSEB ആവശ്യപ്പെട്ടിട്ടുണ്ട്.

വൈദ്യുതി കുടിശിക ഒടുക്കുന്നതുമായി ബന്ധപ്പെട്ട് 03.03.2026-ൽ ഒരു കത്ത് മുഖേന അന്നത്തെ കുടിശ്ശിക തുകയായ 1,37,99,556/- രൂപ കേരള വാട്ടർ അതോറിറ്റി KSEBL ന് മാസം തോറും എസ്ക്രോ അക്കൗണ്ട് വഴി നൽകുന്ന 10 കോടി രൂപയിൽ വരവ് വച്ച് കണക്ഷൻ നൽകാൻ നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

വൈദ്യുതി കണക്ഷൻ ലഭ്യമായാൽ, കണക്ഷൻ ലഭ്യമാകുന്നത് മുതൽ രണ്ടുമാസത്തിനകം പ്ലാന്റ് കമ്മിഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലേക്കുള്ള 9.7 km പൈപ്പ് ലൈൻ സ്ഥാപിക്കലും കുടിവെള്ള കണക്ഷൻ നൽകലും അമൃത് പദ്ധതി വഴി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ തുടർന്നുള്ള ഘട്ടങ്ങളും കൂടി നടപ്പിലാക്കാൻ 45 കോടി രൂപ ആവശ്യമുണ്ട്. ഇതിൽ ആദ്യ ഘട്ടത്തിൽ 10 കോടി രൂപകുള്ള ഡി.പി.ആർ (35 km പൈപ്പ് ലൈൻ സ്ഥാപിക്കുന്നതടക്കം) അമൃതിൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലായി 35 കോടി രൂപയുടെ പ്രോപോസലും തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ജല ജീവൻ മിഷൻ | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) | സാങ്കേതി കാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി | തടസ്സങ്ങൾ | FHTC | HTC |
| 1 | വാഴക്കാട് | 1800.00 | 1618.00 | മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല ഡിസൈൻ ചെയ്ത് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും - ഫേസ് - 1. | 100% പ്രവർത്തി പൂർത്തീകരിച്ചു | | 4113 | 513 |
| 2 | | 1816.43 | 1700.00 | ഫേസ് - 2 - സമ്പ് കം പമ്പ് ഹൗസിന്റെ നിർമ്മാണം, വിതരണ ശൃംഖല സ്ഥാപിക്കൽ, പാലച്ചോല പ്രദേശത്തേക്ക് ബൂസ്റ്റർ ക്രമീകരണങ്ങൾക്കുള്ള വ്യവസ്ഥ ഉൾപ്പെടെ തദ്ദേശ വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി | 15% പ്രവർത്തി പൂർത്തീകരിച്ചു. | സമ്പ് നിർമ്മിക്കുന്നതിനുള്ള ഭൂമി ലഭ്യമായിട്ടില്ല | | |
| 3 | വാഴയൂർ | 1800.00 | 1622.00 | മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല ഡിസൈൻ ചെയ്ത് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും - ഫേസ് - 1 | 100% പ്രവർത്തി പൂർത്തീകരിച്ചു | | 5259 | 193 |
| 4 | | 410.50 | 11. 50 | അഴിഞ്ഞിലത്ത് നാഷണൽ ഹൈവേ 66 ന് കുറുകെ 200 എംഎം എം എസ് പൈപ്പ് വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർകണക്ഷൻ പ്രവൃത്തിയും. | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 5 | | 1050.00 | 1196.00 | ഫേസ് - 2 - ബാക്കിയുള്ള വിതരണ ശൃംഖലയുടെ പ്രവൃത്തി, ഗാർഹിക കണക്ഷൻ നൽകൽ, തദ്ദേശവകുപ്പ് റോഡുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ (reappropriation ) | 65% പ്രവർത്തി പൂർത്തീകരിച്ചു. പ്രവർത്തി പുരോഗമിക്കുന്നു | | 923 | 257 |
| 6 | ചീക്കോട് | 1800.00 | 1784.00 | ചീക്കോട് ഗ്രാമ പഞ്ചായത്തിനുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - വിതരണ ശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും - ഫേസ് 1 | 100% പ്രവർത്തി പൂർത്തീകരിച്ചു | | 2672 | 2776 |
| 7 | | 2039.00 | 1558.00 | ഫേസ് - 2 - ചീക്കോട് ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകലും, പൊതുമരാമത്ത്/ തദ്ദേശവകുപ്പ് റോഡുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ | 37% പ്രവർത്തി പൂർത്തീകരിച്ചു. പ്രവർത്തി പുരോഗമിക്കുന്നു | | 102 | 18 |

| ക്രമ നം. | പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) | സാങ്കേതികാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി | തടസ്സങ്ങൾ | FHTC | HTC |
|---|---|---|---|---|---|---|---|---|
| 8 | | | 44.97 | 41 MLD ജല ശുദ്ധീകരണ ശാലയുടെ കോമ്പൗണ്ട് വാളിന്റെ അറ്റകുറ്റ പണി, മണ്ണൊലിപ്പിൽ നിന്നും റോ വാട്ടർ പമ്പിംഗ് മെയിൻ RR Pitching പ്രവൃത്തി വഴി സംരക്ഷിക്കൽ, റോഡ് പരിപാലനം - പൈപ്പ് ലൈൻ പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 9 | ചെറുകാവ് | 1800.00 | 1558.00 | ഫേസ് 1 - മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സർവ്വേ നടത്തി ഡിസൈൻ ചെയ്ത് സപ്ലൈ ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 10 | | 500.00 | 610.20 | ചെറുകാവ് പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും, പൊതുമരാമത്ത് വകുപ്പ്/തദ്ദേശവകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും. - ഫേസ് 1 | 30% പ്രവർത്തി പൂർത്തീകരിച്ചു | | 4159 | 925 |
| 11 | | 1000.00 | 963.00 | ഫേസ് - 2 - ചെറുകാവ് ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിക്കലും, റോഡ് പുനരുദ്ധാരണ പ്രവൃത്തിയും (Reappropriation) | 33% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 12 | പുളിക്കൽ | 1800.00 | 1571.00 | ഫേസ് - 1 - മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമ പഞ്ചായത്തിൽ സർവ്വേയും ഡിസൈനിംഗും നടത്തി ബാക്കി വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും. | 100% പ്രവർത്തി പൂർത്തീകരിച്ചു | | 5653 | 409 |
| 13 | | 1316.37 | 1010.00 | ഫേസ് 2 -പുളിക്കൽ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും, പൊതുമരാമത്ത് വകുപ്പ്/തദ്ദേശ വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി. | 100% പ്രവർത്തി പൂർത്തീകരിച്ചു | | 850 | 3 |
| 15 | മുതുവല്ലൂർ | 1800.00 | 934.00 | ഫേസ് - 1 - മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ പുതിയ സർവ്വേ അനുസരിച്ച് ബാക്കിയുള്ള വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മിഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും. | 100% പ്രവർത്തി പൂർത്തീകരിച്ചു | | 3375 | 45 |
| 16 | | 938.00 | 860.00 | ഫേസ് - 2 - മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മിഷൻ ചെയ്യുന്ന പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | 1021 | 62 |
| 17 | | | 99.00 | മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ബാക്കി പൈപ്പ് ലൈൻ പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 18 | | | 508.00 | മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ലൈൻ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകലും, പൊതുമരാമത്ത് വകുപ്പ്/തദ്ദേശ വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 19 | | | 338.60 | ഫേസ് - 3 - മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിക്കലും റോഡ് പുനരുദ്ധാരണ പ്രവൃത്തിയും. (reappropriation ) | 80% പ്രവർത്തി പൂർത്തീകരിച്ചു | | | |

| ക്രമ നം. | പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) | സാങ്കേതികാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി | തടസ്സങ്ങൾ | FHTC | HTC |
|---|---|---|---|---|---|---|---|---|
| സംസ്ഥാന പദ്ധതി | | | | | | | | |
| 1 | | | 916.00 | സംസ്ഥാന പദ്ധതി-2019-20-ഗ്രാമീണ ജലവിതരണ പദ്ധതി-ചീക്കോടും സമീപ ഗ്രാമങ്ങൾകകുമുള്ള കുടിവെള്ള പദ്ധതി-പാക്കേജ് 1- ചീക്കോട്, മുതുവല്ലൂർ പഞ്ചായത്തുകൾക്കുള്ള ബാക്കിവരുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി. | 100% പ്രവർത്തി പൂർത്തീകരിച്ചു | | 1718 | 127 |
| 2 | | | 961.00 | സംസ്ഥാന പദ്ധതി-2019-20-ഗ്രാമീണ ജലവിതരണ പദ്ധതി-ചീക്കോടും സമീപ ഗ്രാമങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതി-പാക്കേജ് 3- പുളിക്കൽ, ചെറുകാവ് പഞ്ചായത്തുകൾക്കു ള്ള ബാക്കിവരുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി. | 100% പ്രവർത്തി പൂർത്തീകരിച്ചു | | 1092 | 328 |
| 3 | | | 950.00 | സംസ്ഥാന പദ്ധതി-2019-20-ഗ്രാമീണ ജലവിതരണ പദ്ധതി-ചീക്കോടും സമീപ ഗ്രാമങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതി-പാക്കേജ് 2- വാഴയൂർ, വാഴക്കാട് പഞ്ചായത്തുകൾക്കുള്ള ബാക്കിവരുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി. | 100% പ്രവർത്തി പൂർത്തീകരിച്ചു | | 978 | 20 |
| 4 | | | 20.70 | സംസ്ഥാന പദ്ധതി-2019-20-ഗ്രാമീണ ജലവിതരണ പദ്ധതി-ചീക്കോടും സമീപ ഗ്രാമങ്ങൾകകുമുള്ള കുടിവെള്ള പദ്ധതി-പാക്കേജ് 4 - ട്രോപ്പോഗ്രഫിക്കൽ സർവ്വേ പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 5 | | | 363.00 | സംസ്ഥാന പദ്ധതി-2019-20 ചീക്കോടും സമീപ ഗ്രാമങ്ങളിലേക്കും ജലവിതരണ പദ്ധതി രണ്ടാം ഘട്ടം-പാക്കേജ് II(എ))- വാഴക്കാട് പഞ്ചായത്തുകൾക്കുള്ള ബാലൻസ് വിതരണം-പൈപ്പ് ലൈൻ പ്രവൃത്തി | 82% പ്രവർത്തി പൂർത്തീകരിച്ചു | | 62 | 240 |
| 6 | | | 97.80 | സംസ്ഥാന പദ്ധതി-2020-21 ചീക്കോടും സമീപ ഗ്രാമങ്ങളിലേക്കും ജലവിതരണ പദ്ധതി രണ്ടാം ഘട്ടം-പാക്കേജ് I(A1)- മുതുവല്ലൂർ പഞ്ചായത്തിലെ എൽഎസ്ജിഡി റോഡ് പുനരുദ്ധാരണ പ്രവൃത്തി | 24% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 7 | | | 114.03 | പദ്ധതി-2020-21 ചീക്കോടും സമീപ ഗ്രാമങ്ങളിലേക്കും ജലവിതരണ പദ്ധതി രണ്ടാം ഘട്ടം-പാക്കേജ് II (B1)- ജിഐ പൈപ്പുകൾ നൽകുകയും ഉറപ്പിക്കുകയും വാഴയൂർ പഞ്ചായത്തിലേക്ക് നിലവിലുള്ള പൈപ്പ് ലൈനുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 8 | | | 115.18 | സംസ്ഥാന പദ്ധതി-2020-21 ചീക്കോടും സമീപ ഗ്രാമങ്ങളിലേക്കും ജലവിതരണ പദ്ധതി രണ്ടാം ഘട്ടം-പാക്കേജ് II (B2)- വാഴയൂർ ഗ്രാമപഞ്ചാത്തിലേക്കുള്ള ബാക്കിയുള്ള ഗാർഡഹിക കുടിവള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 9 | | | 195.26 | സംസ്ഥാന പദ്ധതി-2020-21 ചീക്കോടും സമീപ ഗ്രാമങ്ങളിലേക്കും ജലവിതരണ പദ്ധതി രണ്ടാം ഘട്ടം-പാക്കേജ് II(ബി3)- പേങ്ങാട് ആലുങ്ങൽ പിഡബ്ല്യുഡി റോഡിൽ 160 എംഎം പിവിസി പൈപ്പ് സ്ഥാപിക്കുകയും വാഴയൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുകയും | 100% പ്രവർത്തി പൂർത്തീകരിച്ചു | | 470 | 13 |

| ക്രമ നം. | പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) | സാങ്കേതി കാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി | തടസ്സങ്ങൾ | FHTC | HTC |
|---|---|---|---|---|---|---|---|---|
| 10 | കൊണ്ടോട്ടി | 4000.00 | 113.75 | പദ്ധതി-2020-21 ചീക്കോടും സമീപ ഗ്രാമങ്ങളിലേക്കും ജലവിതരണ പദ്ധതി രണ്ടാം ഘട്ടം-പാക്കേജ് II (B4)- വാഴയൂർ ഗ്രാമപഞ്ചായത്തിലെ ഗ്രാമപഞ്ചായത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തി | 15% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 11 | | | 7.68 | പദ്ധതി-2019-20 - ചീക്കോടും സമീപ ഗ്രാമങ്ങളിലേക്കും ജലവിതരണ പദ്ധതി രണ്ടാം ഘട്ടം -പാക്കേജ് II (B4)- ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ചാർജ്ജ് ചെയ്ത് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും | 10% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 12 | | | 11.00 | സംസ്ഥാന പദ്ധതി-2020-21 ചീക്കോടും സമീപ ഗ്രാമങ്ങളിലുമുള്ള ജലവിതരണ പദ്ധതി രണ്ടാം ഘട്ടം - 19 ജലശുദ്ധീകരണശാലയിലെ പമ്പ് ഹൗസിൽ നിന്ന് 100 HP പമ്പ് സെറ്റ് പുതുതായി സ്ഥാപിച്ചു, 41 എം.എൽ.ഡി പഴയ ജലശുദ്ധീകരണശാലയിലെ പമ്പ്ഹൗസിലേക്ക് സ്ഥാപിച്ചു, പുതുതായി സ്ഥാപിച്ച 350 mm ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 150 മി.മീ. എംഎം സക്ഷൻ ആൻഡ് ഡെലിവറി പൈപ്പ് കണക്ഷനുകൾ, സ്ലൂയിസ് വാൽവ്, എൻആർവി, പാനൽ ബോർഡ്, കേബിളിംഗ്, എർത്തിംഗ്, ഫൗണ്ടേഷൻ ജോലികൾ | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 13 | | | 26.23 | സ്റ്റേറ്റ് പ്ലാൻ - 2019-20 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 - ചീക്കോടിലെ 19 MLD ജല ശുദ്ധീകരണ ശാലയിലെ ഫ്ലോക്കുലേറ്ററിനും, ക്ലാരിഫയറിനും ട്രസ്സ് റൂഫ് നിർമ്മിക്കൽ - പൈപ്പ് ലൈൻ പ്രവൃത്തി | 1% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 14 | | | 14.34 | സ്റ്റേറ്റ് പ്ലാൻ - 2020-21 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 - 19 MLD കിഫ്ബി പ്ലാന്റിലെ 8.3 ലക്ഷം ലിറ്റർ സമ്പ് നിലവിലെ 41 MLD പ്ലാന്റിലെ 23 ലക്ഷം ലിറ്റർ സമ്പുമായി 450 മി. മീ. ഡിഐ പൈപ്പ് ഉപയോഗിച്ച് ഇന്റർ കണക്ട് ചെയ്യുന്ന പ്രവൃത്തി - പൈപ്പ് ലൈൻ പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 15 | | | 19.60 | സ്റ്റേറ്റ് പ്ലാൻ - 2020-21 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 - ചെറുകാവ് പഞ്ചായത്തിലെ പുതുപാടം- ഐക്കരപ്പടി - കാക്കഞ്ചേരി പൊതുമരാമത്ത് വകുപ്പ് റോഡിൽ ഉടനെ പൈപ്പ് സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | 26 | |

| ക്രമ നം. | പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) | സാങ്കേതികാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി | തടസ്സങ്ങൾ | FHTC | HTC |
|---|---|---|---|---|---|---|---|---|
| 16 | | | 239.08 | സ്റ്റേറ്റ് പ്ലാൻ - 2019-20 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 - പാക്കേജ് III (b) - ചെറുകാവ് പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ലൈൻ സ്ഥാപിച്ച് ബാക്കി ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | 72% പ്രവർത്തി പൂർത്തീകരിച്ചു | | 278 | 528 |

| ക്രമ നം. | പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) | സാങ്കേതികാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി | തടസ്സങ്ങൾ | FHTC | HTC |
|---|---|---|---|---|---|---|---|---|
| 17 | | | 239.90 | സ്റ്റേറ്റ് പ്ലാൻ - 2019-20 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 - പാക്കേജ് III (എ) - പുളിക്കൽ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ലൈൻ സ്ഥാപിച്ച് ബാക്കി ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | 45% പ്രവർത്തി പൂർത്തീകരിച്ചു | | 203 | 217 |
| 18 | | | 8.04 | സ്റ്റേറ്റ് പ്ലാൻ - 2019-20 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 - പോത്തുവെട്ടിപ്പാറയിലെ 350 mm DI പൈപ്പ് മാറ്റി 350 mm MS പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 19 | | | 2.98 | സ്റ്റേറ്റ് പ്ലാൻ - 2019-20 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 - ഇരട്ടമുഴി റോ വാട്ടർ പമ്പ് ഹൗസിലെ നിലവിലെ CTPT യൂണിറ്റ് മാറ്റി പുതിയ 11 KV HT മീറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 20 | | | 2.98 | സ്റ്റേറ്റ് പ്ലാൻ - 2019-20 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 - രായിൻകോട് ജല ശുദ്ധീകരണ ശാലയിലെ നിലവിലെ CTPT യൂണിറ്റ് മാറ്റി പുതിയ 11 KV HT മീറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 100% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 21 | | | 3.77 | സ്റ്റേറ്റ് പ്ലാൻ - 2019-20 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 -പരതക്കാട് പമ്പ് ഹൗസിലെ നിലവിലെ CTPT യൂണിറ്റ് മാറ്റി പുതിയ 11 KV HT മീറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 70% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 22 | | | 78.58 | സ്റ്റേറ്റ് പ്ലാൻ - 2019-20 - ഗ്രാമീണ കുടിവെള്ള പദ്ധതി - ചീക്കോട് പഞ്ചായത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് - 2 - NH 966 ലെ (തലേക്കര മുതൽ പോത്തുവെട്ടിപ്പാറ വരെ) പുതിയ 160mm HDPE പൈപ്പ് നിലവിലെ പൈപ്പ് ലൈനുമായി ഇന്റർകണക്ട് ചെയ്ത് കമ്മീഷൻ ചെയ്ത് റോഡ് പുനരുദ്ധാരണം ചെയ്യുന്ന പ്രവൃത്തി | 5% പ്രവർത്തി പൂർത്തീകരിച്ചു | | | |
| 23 | | | 5.01 | സ്റ്റേറ്റ് പ്ലാൻ - 2024-25 - നിലവിലുള്ള 41 MLD ജല ശുദ്ധീകരണ ശാലയിൽ 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള റീസൈക്കിൾ ടാങ്കിന്റെ നിർമ്മാണം | 90% പ്രവർത്തി പൂർത്തീകരിച്ചു | | | |
| **അമൃത് 2.0** | | | | | | | | |
| 1 | | 17.696 | 16.5 | AMRUT 2.O- Providing FHTCs to Kondotty municipality .(WSS to Cheekode and adjoining villages) | 40% പ്രവർത്തി പൂർത്തീകരിച്ചു | | | |